## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2818 — 14.12.2015 ലെ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ഡിജിറ്റലൈസേഷൻ

| ചോദ്യം<br>ശ്രീ.എം.എ.ബേബി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ ഒൻപത് ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ ഇതിനായി ഏത് തലത്തിലാണ് അനുമതി നൽകിയിരിക്കുന്നത്; ഇതിനുള്ള ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; വിശദമാക്കാമോ; | എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ-9 പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനിച്ചിട്ടില്ല. ഇതിനായി പ്രത്യേകമായി തുക ജി.കെ.എസ്.എഫ് ചെലവഴിക്കുന്നില്ല. |
| ബി) | ഡിജിറ്റലൈസേഷൻ നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പ്രസ്തുതഏജൻസിയുമായി സർക്കാർ കരാറിൽ ഏർപ്പെട്ടുകയുണ്ടായോ; എങ്കിൽ കരാറിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; | ബി) | സീസൺ-9ൽ ഒരു പരീക്ഷണമെന്ന നിലയിൽ ഭാഗികമായി രണ്ടു ലക്ഷത്തിൽ കൂടാത്ത കൂപ്പൺ ഡിജിറ്റലായി നൽകുന്നുണ്ട്. സെന്റർ ഫോർ ഡിജിറ്റൽ ഫിനാൻഷ്യൽ ഇൻക്ലൂഷൻ എന്ന ഏജൻസിയും, ഭാരതീയ സ്റ്റേറ്റ് ബാങ്കും, ഫെഡറൽ ബാങ്കുമാണ് ഈ പദ്ധതിക്കാവശ്യമായ തുക ചെലവഴിക്കുന്നത്. സി.ഡി.എഫ്.ഐ ആണ് ഇതിന്റെ പങ്കാളികൾ. സി.ഡി.എഫ്.ഐയുമായി ധാരണാ പത്രം ഒപ്പവച്ചിട്ടുണ്ട്. കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) | ഇതിനായുള്ള ടെണ്ടറിൽ ഏതെല്ലാം സ്ഥാപനങ്ങൾ പങ്കെടുത്തുവെന്നും അവയിൽ ഏതെല്ലാം ക്വാളിഫൈ ചെയ്തുവെന്നും വ്യക്തമാക്കാമോ ; ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുക എത്ര വീതം? | സി) | ഈ പദ്ധതിക്കായി ജി.കെ.എസ്.എഫിനു പ്രത്യേകം ചെലവില്ല. നടത്തിപ്പിനായി വരുന്ന തുക സി.ഡി.എഫ്.ഐയും, ബാങ്കുകളുമാണ് ചെലവഴിക്കുന്നത്. ആയതിനാൽ ടെണ്ടർ നടപടികൾ നടത്തിയിട്ടില്ല. ഭാരതീയ സ്റ്റേറ്റ് ബാങ്കും, ഫെഡറൽ ബാങ്കും ഡിജിറ്റൽ കൂപ്പണിന്റെ തുക ജി.കെ.എസ്.എഫിനു നൽകിയാണ് കൂപ്പൺ വാങ്ങുന്നത്. |

സെക്ഷൻ ഓഫീസർ